**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3446** **26-06-2024 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയ ശേഷം സംസ്ഥാനത്ത് തരം മാറ്റിയ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരം 25 സെന്റിന് താഴെ ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയ ശേഷം എത്ര ഹെക്ടർ ഭൂമി തരം മാറ്റി കൊടുത്തിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരം 25 സെന്റിന് താഴെ ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയ ശേഷം തരം മാറ്റി കൊടുത്തിട്ടുള്ള ഭൂമി (ഹെക്ടറിൽ) വിവരം **അനുബന്ധം A** ആയി ചേർക്കുന്നു. |
| (ബി) | ഈ നിയമഭേദഗതി പ്രകാരം ഭൂമി തരം മാറ്റലിന് വേണ്ടി ഓരോ ജില്ലയിലും എത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അധികമായി നിയമിച്ചിട്ടുണ്ട്; | (ബി) | ഭൂമി തരം മാറ്റ അപേക്ഷകൾ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനായി 01.09.2023 -ലെ സഉ (കൈ) 206/2023/റവ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് താല്ക്കാലിക തസ്തിക സൃഷ്ടിച്ച് 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും 181 ക്ലാർക്കുമാരെ പി.എസ്.സി വഴിയും നിയമിച്ചു. കൂടാതെ 123 സർവ്വെയർമാരെ താല്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു. ഓരോ ജില്ലയിലും അധികമായി നിലവിൽ നിയമിച്ച ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിവരം **അനുബന്ധം B** ആയി ചേർക്കുന്നു. |
| (സി) | ഒരു മഴ പെയ്താൽ പോലും വെള്ളം കയറി ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യത്തിൽ അശാസ്ത്രീയ ഭൂമി തരംമാറ്റൽ നടപടിയിൽ പുനർവിചിന്തനത്തിന് തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | കേരളത്തിലെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുകയും അവ നിയമവിരുദ്ധമായി പരിവർത്തനപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നത് നിയന്ത്രിക്കുന്നതിനും, അപ്രകാരം സംസ്ഥാനത്തിന്റെ പാരിസ്ഥിതിക അവസ്ഥ പൊതുവായി മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ വിവിധ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ നിയമനിർമാണം നടത്തുന്നതിന് ഉദ്ദേശിച്ചാണ്, 12.08.2008 തീയതി പ്രാബല്യത്തിൽ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. |

എന്നാൽ ടി നിയമം നിലവിൽ വന്നതിനു ശേഷം, തുടർന്നും, റവന്യൂ രേഖകളിൽ (ബിടിആർ) 'നില'മായി രേഖപ്പെടുത്തി വരുന്ന വസ്തുക്കളിൽ പലതും, പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് തന്നെ, പുരയിടമായി (കൃഷിയോഗ്യമല്ലാത്തവ) തരം മാറ്റം ചെയ്യപ്പെട്ടവയാണെന്നും, ടി ഭൂമി ക്രമവൽക്കരിക്കുന്നതിനു യാതൊരു നിയമവും നിലവിലില്ലെന്നും, ആയതു നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും അനധികൃത പരിവർത്തനത്തിനു ഇടയാക്കുമെന്നും, സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലും, കൂടാതെ, ഈ വിഷയം സംബന്ധിച്ച് നിലവിലുണ്ടായിരുന്ന പല സർക്കാർ ഉത്തരവുകളും സർക്കുലറുകളും, ബഹു. ഹൈക്കോടതി റദ്ദാക്കിയ കാരണത്താലും, റവന്യൂ രേഖകളിൽ നിലമായി തുടരുന്നതും എന്നാൽ ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തി, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'യുടെ ക്രമവൽക്കരണത്തിനായുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട്, 30.12.2017 തീയതി പ്രാബല്യത്തിൽ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തത്.

നിലവിൽ തരം മാറ്റം എന്നുദ്ദേശിക്കുന്നത് ഭൂരേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 2008-ന് മുൻപ് തന്നെ യഥാർത്ഥത്തിൽ നികന്നതോ നികത്തപ്പെട്ടതോ ആയതും പുരയിടസ്വഭാവം കൈവരിച്ചതുമായ സ്ഥലങ്ങളുടെ ഭൂരേഖകളിൽ തരം മാറ്റി എഴുതുന്ന/സ്വഭാവ വ്യതിയാനം വരുത്തി എന്ന് രേഖപ്പെടുത്തുന്ന പ്രക്രിയയാണ്. അപ്രകാരം ചെയ്യുന്നതുമൂലം അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാകും. 50 സെന്റോ അതിനു മുകളിലോ വിസ്തൃതിയുള്ള ഭൂമി തരം മാറ്റുമ്പോൾ, ആയതിന്റെ 10 % ഭൂമി ജലസംരക്ഷണ പ്രദേശമായി മാറ്റിവെയ്ക്കേണ്ടതാണെന്നും, ടി പ്രദേശത്തിന് സ്വഭാവ വ്യതിയാന അനുമതിയില്ലാത്തതാണെന്നും നിയമം/ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. കൂടാതെ, നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ തരംമാറ്റം അനുവദനീയമല്ലാത്തതും ഈ നിയമത്തിലെ നിർവ്വചന പ്രകാരമുള്ള തണ്ണീർത്തടങ്ങൾക്കു പരിവർത്തനത്തിനു പൂർണ്ണമായ നിരോധനം വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. അനധികൃതമായി നികത്തപ്പെടുന്ന നിലങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് റവന്യൂ ഡിവിഷൻ ഓഫീസർ ഉത്തരവിടുന്ന കേസുകളിൽ ഭൂവുടമ ആയത്

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാത്ത പക്ഷം സർക്കാർ ചെലവിൽ ആയത് നിർവ്വഹിച്ച ശേഷം കക്ഷികളിൽ നിന്നും പ്രസ്തുത ചെലവ് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് ലക്ഷ്യമിട്ട് 2024-25-ലെ ബജറ്റിൽ 2 കോടി രൂപ റിവോൾവിങ്ങ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം A

| **ജില്ല** | **തരം മാറ്റി നൽകിയ ഭൂമി (ഹെക്ടറിൽ)** |
|---|---|
| തിരുവനന്തപുരം | 251.00 |
| കൊല്ലം | 243.8413 |
| പത്തനംതിട്ട | 129.5737 |
| ആലപ്പുഴ | 536.316 |
| കോട്ടയം | 515.52 |
| ഇടുക്കി | 74.2596 |
| എറണാകുളം | 986.0975 |
| തൃശ്ശൂർ | 764.55 |
| പാലക്കാട് | 543.7849 |
| മലപ്പുറം | 212.0310 |
| കോഴിക്കോട് | 223.3678 |
| വയനാട് | 70.916 |
| കണ്ണൂർ | 584.3969 |
| കാസറഗോഡ് | 68.6902 |
| ആകെ | 5204.3449 ഹെ |

അനുബന്ധം B

| **ജില്ല** | **ജൂനിയർ സൂപ്രണ്ട്** | **ക്ലർക്ക്** | **സർവ്വേയർ (179 ദിവസത്തേക്ക് )** |
|---|---|---|---|
| തിരുവനന്തപുരം | 3 | 15 | 8 |
| കൊല്ലം | 3 | 13 | 14 |
| പത്തനംതിട്ട | 3 | 2 | 0 |
| ആലപ്പുഴ | 6 | 15 | 17 |
| കോട്ടയം | 4 | 5 | 13 |
| ഇടുക്കി | 3 | 2 | 0 |
| എറണാകുളം | 12 | 31 | 16 |
| തൃശ്ശൂർ | 8 | 24 | 15 |
| പാലക്കാട് | 7 | 16 | 11 |
| മലപ്പുറം | 6 | 19 | 10 |
| കോഴിക്കോട് | 7 | 20 | 10 |
| വയനാട് | 2 | 4 | 0 |
| കണ്ണൂർ | 3 | 8 | 5 |
| കാസറഗോഡ് | 0 | 4 | 4 |